# SSLC മാതൃകചോദ്യപേപ്പർ 2022 സാമൂഹ്യശാസ്ത്രം

# DIET,പാലക്കാട്

ആകെ മാർക്ക് -80 സമയം-2 1/2 മണിക്കൂർ

നിർദ്ദേശങ്ങൾ :

• ആദ്യ പതിനഞ്ച് മിനിറ്റ് സമാശ്വാസ സമയമാണ് .സ്കോറും സമയവും പരിഗണിച്ച വേണം ഉത്തരമെഴുതുവാൻ

• A,B വിഭാഗങ്ങളിൽ A - ഫോക്കസ് ഏരിയയിൽ നിന്നും B- നോൺഫോക്കസ് ഏരിയയിൽ നിന്നുമുള്ള ചോദ്യങ്ങളെ സൂചിപ്പിക്കുന്നു . ഏരിയയിൽ നിന്നുമുള്ള ചോദ്യങ്ങളെ സൂചിപ്പിക്കുന്നു .

## പാർട്ട് I

**A- 1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക**

**(1 സ്കോർ വീതം)(4x1=4)**

1.ഇന്ത്യയുടെ കേന്ദ്ര ബാങ്ക് ഏത് ?

( സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ,റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ,കാനറാ ബാങ്ക് ,ഫെഡറൽ ബാങ്ക്)

2.സമൂഹശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നതാരെ?

(ഹെർബർട്ട് സ്പെൻസർ ,കാൾമാക്സ് ,അഗസ്റ്റ് കൊംതെ,ഡി പി മുഖർജി )

3.മാതൃരാജ്യമായ ഇംഗ്ലണ്ടിന്റെ സഹായത്തോടെ കച്ചവടക്കാർ കോളനികളിൽ നടപ്പിലാക്കിയ വാണിജ്യ നയം ഏത് ?

(മെർക്കന്റലിസം,സോഷ്യലിസം,കൊളോണിയലിസം,മുതലാളിത്തം)

4.ഇന്ത്യയുടെ മാനക രേഖാംശമായി കണക്കാക്കുന്നത്

( $180^0$ രേഖാംശം , $82 1/2^0$ കിഴക്ക് രേഖാംശം , $82 1/2^0$ പടിഞ്ഞാറ് രേഖാംശം, $0^0$ രേഖാംശം)

5.ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നടത്തിയ ആദ്യത്തെ ദേശീയസമരം ഏത് ?

(ചമ്പാരൻ സത്യാഗ്രഹം ,നിസ്സഹകരണ സമരം ,ഉപ്പ് സത്യാഗ്രഹംക്വിററ് ഇന്ത്യ )

6.രാഷ്ട്ര രൂപീകരണ സിദ്ധാന്തങ്ങളിൽ ഏറ്റവും സ്വീകാര്യമായത് ഏത് ?

(ദൈവദത്ത സിദ്ധാന്തം ,പരിണാമ സിദ്ധാന്തം, സാമൂഹിക ഉടമ്പടി സിദ്ധാന്തം,ശക്തി സിദ്ധാന്തം )

DIET PALAKKAD

**B-7 മുതൽ 10 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക (1 സ്കോർ വീതം) (4x1=4)**

7.ആകാശീയ ചിത്രങ്ങളിൽനിന്നും ത്രിമാനദൃശ്യം ലഭിക്കാൻ ഉപയോഗിക്കുന്ന ഉപകരണം ഏത് ?

(മൈക്രോസ്കോപ്പ് ,സ്റ്റീരിയോസ്കോപ്പ് , ബാരോമീറ്റർ,അനിമോ മീറ്റർ )

8.ഇന്ത്യയിലെ ഏറ്റവും വലിയ കൽക്കരിപ്പാടം ഏത് ?

(ഝാരിയ,നെയ് വേലി,ഡിഗ്ബോയ്,മുംബൈഹൈ )

9.രണ്ടാം ലോകയുദ്ധാനന്തരം ലോകത്തു സമാധാനം സ്ഥാപിക്കുന്നതിനായി രൂപീകരിക്കപ്പെട്ട സംഘടന ഏത് ?

(സർവ്വരാഷ്ട്ര സഖ്യം, ത്രികക്ഷി സഖ്യം, ഐക്യരാഷ്ട്ര സംഘടന,ത്രികക്ഷി സൗഹാർദ്ദം)

10.സർക്കാർ സേവനങ്ങൾ കൃത്യമായും ഉറപ്പായും ജനങ്ങൾക്ക് ലഭ്യമാക്കാൻ അവസരമൊരുക്കുന്ന നിയമം ഏത് ?

(സേവനാവകാശ നിയമം , ഇ -ഗവേണൻസ് , ലോക്പാൽ,ലോകായുക്ത)

**പാർട്ട് II**

**A -11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക**


**(2 സ്കോർ വീതം) (3x2=6)**

11. ബാങ്കിങ് പ്രവർത്തനങ്ങൾക്ക് കുറഞ്ഞ സമയം മതിയാകുമെന്നത് ഇലക്ട്രോണിക് ബാങ്കിങ്ങിന്റെ ഒരു മേന്മയാണ് മറ്റ് രണ്ട് മേന്മകൾ എഴുതുക?

12. സമൂഹശാസ്ത്ര പഠനത്തിലെ അടിസ്ഥാനപരമായ രീതിയാണ് നിരീക്ഷണം അവ ഏതെല്ലാം ?

13. ഒരു രാജ്യത്തെ പൂർണ്ണവും തുല്യവുമായ അംഗത്വമാണ് പൗരത്വം .പൗരത്വം എങ്ങനെയെല്ലാം ലഭിക്കും?

14.പദസൂര്യൻ പൂർത്തിയാക്കുക




15. ഇന്ത്യയിലെ പ്രധാന പ്രത്യക്ഷ നികുതികൾ ഏതെല്ലാം ?


**B-16 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക**

**(2 സ്കോർ വീതം)(2x2=4)**

16. പശ്ചിമ അസ്വസ്ഥത എന്നാൽ എന്ത് ?

DIET PALAKKAD

17. അനുയോജ്യമായി പൂർത്തിയാക്കുക




18. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ആദ്യകാല സമരങ്ങളുടെ ഫലങ്ങൾ എന്തെല്ലാം ?

## പാർട്ട് III

**A-19 മുതൽ 23 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക**

**(4 സ്കോർ വീതം)(3x4=12)**

19 ചുവടെ ചേർത്തിട്ടുള്ള ഭൂവിവരങ്ങളെ നൽകിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തുക

a. വിശാഖപട്ടണം b. കൃഷ്ണ നദി c. പശ്ചിമഘട്ടം d. മാൾവ പീഠഭൂമി

20. ഉദ്യോഗസ്ഥവൃന്ദത്തിന്റെ ഒരു സവിശേഷതയാണ് ശ്രേണീപരമായസംഘാടനം. മറ്റ് സവിശേഷതകൾ കണ്ടെത്തി എഴുതുക ?

21. A കോളത്തിന് അനുയോജ്യമായവ B കോളത്തിൽനിന്നും കണ്ടെത്തി എഴുതുക?

| എ | ബി |
|---|---|
| ഇൻസാറ്റ് | ആകാശീയ വിദൂരസംവേദനം |
| IRS | ഭൂസ്ഥിര ഉപഗ്രഹങ്ങൾ |
| സ്റ്റീരിയോ സ്കോപ്പ് | ഭൂവിവരവ്യവസ്ഥ |
| കമ്പ്യൂട്ടർ സോഫ്റ്റ് വെയർ | സൗരസ്ഥിരഉപഗ്രഹങ്ങൾ |

22. വൻതോതിലുള്ള ചരക്ക് ഗതാഗതത്തിന് ഏറ്റവും യോജിച്ച മാർഗമാണ് ജലഗതാഗതം . ഇതിന്റെ മേന്മകൾ ഏതെല്ലാം ?

23. അനുഭവങ്ങളും ജീവിതസാഹചര്യങ്ങളും പൗരബോധരൂപീകരണത്തെ സ്വാധീനിക്കുന്നു . പൗരബോധം രൂപപ്പെടുത്തുന്ന പ്രധാന ഘടകങ്ങൾ ഏതെല്ലാം ?

**B-24 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് ഉത്തരമെഴുതുക ?**

**(4 സ്കോർ വീതം)(1x4=4)**

24. ഉപഭോക്താക്കൾ ചൂഷണം ചെയ്യപ്പെടുകയോ കബളിപ്പിക്കപ്പെടുകയോ ചെയ്യുന്ന സന്ദർഭങ്ങൾ ഏതെല്ലാം ?

25. മാനവവിഭവശേഷി മെച്ചപ്പെടുത്തുന്നത് കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം ?

DIET PALAKKAD


## പാർട്ട് 1V

**A.26 മുതൽ 29 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും2 എണ്ണത്തിന് ഉത്തരമെഴുതുക**

**(6 സ്കോർ വീതം) (3x6=18)**

26.ബ്രിട്ടീഷ് ഭരണത്തിന് കീഴിലുള്ള ഇന്ത്യൻ പ്രദേശങ്ങളിൽ നടപ്പാക്കിയ ഒരു നികുതി സമ്പ്രദായമാണ് ശാശ്വത ഭൂനികുതി വ്യവസ്ഥ. മറ്റ് നികുതി സമ്പ്രദായങ്ങളുടെ പേരെഴുതുക? ശാശ്വത ഭൂനികുതി വ്യവസ്ഥയുടെ നാലു സവിശേഷതകൾ എഴുതുക?

27 . മാതൃക ഗ്രിഡ് നിരീക്ഷിച്ച് താഴെ തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക




a. ഭൂസവിശേഷതകൾ കണ്ടെത്തുക

1. 8134 2. 838353 3. 8535

b. താഴെ കൊടുത്തിരിക്കുന്നവയുടെ ഗ്രിഡ് റഫറൻസ് കണ്ടെത്തുക

1.ജലാശയം (4 അക്കം )

2.വാസസ്ഥലം ( 4 അക്കം )

3.കുഴൽ കിണർ (4 അക്കം )

28 .കേരളത്തിലെ സാമൂഹിക മാറ്റത്തിന് ചാന്നാർ കലാപം,വൈക്കം സത്യാഗ്രഹം,ഗുരുവായൂർ സത്യാഗ്രഹംഎന്നിവ വഹിച്ച പങ്ക് വിലയിരുത്തുക?

**B-30 മുതൽ 32 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക**

**(6 സ്കോർ വീതം)(2x6=12)**

30. നമ്മുടെ സാമ്പത്തിക രംഗത്ത് പ്രവർത്തിക്കുന്ന ബാങ്കിതര ധനകാര്യസ്ഥാപനങ്ങൾ ഏതെല്ലാം? വിശദമാക്കുക ?

31. ഇന്ത്യയിൽ സ്വാതന്ത്ര്യാനന്തരം രൂപീകരിച്ച വിവിധ വിദ്യാഭ്യാസ കമ്മീഷനുകൾ ഏതെല്ലാം ? 1986 ലെ ദേശീയവിദ്യാഭ്യാസനയത്തിന്റെ പ്രത്യേകതകൾ വിശദീകരിക്കുക

32. രണ്ടാം ലോകയുദ്ധത്തിന്റെ കാരണങ്ങളും ഫലങ്ങളും വിശദമാക്കുക

**പാർട്ട് V**

**A-33 മുതൽ 35 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക**

**(8 സ്കോർ വീതം)(2x8=16)**

33. മൺസൂൺ കാലം എന്നാലെന്ത്?ഇന്ത്യയിൽ അനുഭവപ്പെടുന്ന തെക്ക്പടിഞ്ഞാറൻ മൺസൂണിനെക്കുറിച്ച് വിശദീകരിക്കുക?
    - അറബിക്കടൽ ശാഖ
    - ബംഗാൾ ഉൾക്കടൽ ശാഖ

34 . 1917 ൽ റഷ്യയിലുണ്ടായ വിപ്ലവങ്ങളുടെ കാരണങ്ങളും ഫലങ്ങളും വിശദമാക്കുക?

35.ആഗോളവാതങ്ങൾ എന്നാൽ എന്ത് ?അവ ഏതെല്ലാം ?വിശദമാക്കുക ?

DIET PALAKKAD

